LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങളുടെ അമിതവേഗം

182 (1887) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈവേകളിൽ സ്ഥാപിച്ച ക്യാമറകളിൽ നിന്നുള്ള വിവരമനുസരിച്ച് 2015 ഏപിൽ 30 വരെ അമിതവേഗത്തിൽ പോയ എത്ര വാഹന ഉടമകൾക്ക് നോട്ടീസയച്ചിട്ടുണ്ട് ; എത്രപേർ പിഴയടച്ചിട്ടുണ്ട് ;

(ബി) ഇവരിൽ മന്ത്രിമാർ, എം.എൽ.എ.-മാർ, ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ എത്ര പേരുടെ ഔദ്യോഗിക വാഹനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; ഇതിൽ എത്ര പേർ പിഴയടച്ചിട്ടുണ്ട് ?

(സി) വേഗ നിയന്ത്രണ നിയമ വ്യവസ്ഥകളിൽ നിന്നും ആർക്കെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) പിഴ ഈടാക്കുന്ന കാര്യത്തിൽ മന്ത്രിമാരെ ഒഴിവാക്കുകയും സാമാജികരെ ഉൾപ്പെടുത്തുകയും ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അമിത വേഗത്തിൽ പോയ 15481 വാഹനങ്ങൾക്ക് 2014 വർഷത്തിലും 4188 വാഹനങ്ങൾക്ക് 2015 ഏപ്രിൽ 30 വരെയും നോട്ടീസ് അയച്ചിട്ടുണ്ട്. അതിൽ 2014 വർഷത്തിൽ 5220 പേരും 2015 ഏപ്രിൽ 30 വരെ 1017 പേരും പിഴ അടയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇവരിൽ മന്ത്രിമാർ, എം.എൽ.എ.-മാർ, ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ എന്നിവരുടെ ഔദ്യോഗിക വാഹനങ്ങൾ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാൽ മറ്റ് ഔദ്യോഗിക വാഹനങ്ങൾ 2014-ൽ 93 എണ്ണവും 2015 ഏപ്രിൽ 30 വരെ 15 എണ്ണവും ഉൾപ്പെട്ടിട്ടുള്ളതും, അതിൽ 2014-ൽ 39 പേരും 2015 ഏപ്രിൽ 30 വരെ 4 പേരും പിഴ അടച്ചിട്ടുള്ളതുമാണ്.

(സി) ആർക്കും ഇളവ് നൽകാറില്ല.

(ഡി) ഇപ്രകാരം പിഴ ചുമത്തുന്നതിൽനിന്നും ആരുടെയും വാഹനങ്ങൾ ഒഴിവാക്കാറില്ല